# പതിനഞ്ചാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

## ബഹു. സ്പീക്കറുടെ റൂളിംഗ്
14-10-2024

## നിയമനിർമ്മാണം

## സഭാസമ്മേളനം സംബന്ധിച്ച സമൻസ് അയച്ചതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

XV-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം സംബന്ധിച്ച സമൻസ് അയച്ചതിനുശേഷം 2024-ലെ രണ്ടാം നമ്പർ ഓർഡിനൻസായ 2024-ലെ കേരള ടാക്സേഷൻ ലാസ് (അമെന്റ്മെന്റ്) ഓർഡിനൻസ് പുറപ്പെടുവിച്ച നടപടി സഭയുടെ കീഴ്വഴക്കത്തിനും സ്പീക്കറുടെ റൂളിംഗിനും വിരുദ്ധമാണെന്നും അപ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമായി സഭയിൽ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് അംഗീകൃത നടപടിക്രമങ്ങളുടെ ലംഘനമാണെന്നും പ്രസ്തുത ഓർഡിനൻസ് നിരാകരിക്കുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 213 പ്രകാരം അംഗങ്ങൾക്കുള്ള അവകാശം നിഷേധിക്കപ്പെട്ടത് ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണെന്നും ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുന്ന ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഭ മുമ്പാകെ വരാതിരുന്നതുമൂലം സഭാംഗങ്ങൾക്ക് നിർദ്ദിഷ്ട ഓർഡിനൻസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമാവാത്ത സാഹചര്യമുണ്ടെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും 2024 ഒക്ടോബർ മാസം 14-ാം തീയതി ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയത്തിന് ശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ഭരണഘടന പ്രകാരവും നിയമസഭാ ചട്ടപ്രകാരവും സഭാ സമ്മേളനം നടക്കുന്ന

കാലയളവിൽ ഓർഡിനൻസ് കൊണ്ടുവരാൻ പാടില്ല എന്നുമാത്രമേയുള്ളൂവെന്നും നോട്ടീസ് നൽകുന്ന സമയം മുതൽ സെഷൻ ആരംഭിക്കുന്നു എന്ന വ്യാഖ്യാനം റൂളിംഗിന്റെ ഭാഗമായി വന്നിട്ടുണ്ടെങ്കിലും സെഷൻ എന്നുള്ളത് സഭ തുടങ്ങി അവസാനിക്കുന്നതുവരെയുള്ള കാലയളവാണെന്നും അതിനാൽ സെഷൻ ആരംഭിക്കുന്നതിനുമുമ്പ് ഓർഡിനൻസ് കൊണ്ടുവന്നതിൽ ഭരണഘടനാവിരുദ്ധമായ ഒന്നുംതന്നെയില്ലെന്നും സമാനമായ സാഹചര്യം മുമ്പും ഈ സഭയിൽ ഉണ്ടായിട്ടുണ്ടെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ഭരണഘടനയുടെ 101-ാംാം ഭേദഗതി പ്രകാരം ജി .എസ്.ടി കൗൺസിലിന്റെ ശിപാർശയെത്തുടർന്ന് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഒരേസമയത്ത് നിയമഭേദഗതി വരുത്താത്ത പക്ഷം നികുതി പിരിവിലും അത് കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കുന്നതിലും അസാധാരണമായ സാഹചര്യം സൃഷ്ടിക്കപ്പെടുന്നതാണെന്നും അതിലും സങ്കീർണ്ണമാണ് പ്രസ്തുത നിയമങ്ങളിലുള്ള ശിക്ഷാവ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതെന്നും ഒരേ പ്രവൃത്തി കേന്ദ്രനിയമപ്രകാരം കുറ്റകൃത്യമാകുകയും സംസ്ഥാന നിയമപ്രകാരം കുറ്റകൃത്യമല്ലാതായിരിക്കുകയും ചെയ്യുന്നത് നിയമങ്ങളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുന്നതും കുറ്റവാളികൾ രക്ഷപ്പെടാൻ ഇടയാക്കുന്നതുമാണെന്നും ശിക്ഷാനിയമത്തിന് മുൻകാല പ്രാബല്യം നൽകാൻ കഴിയില്ലെന്നുള്ള ഭരണഘടനാപരമായ വിലക്കുള്ളതും പരിഗണിച്ച് വ്യത്യസ്തമായി കണ്ടുകൊണ്ട്, അതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തണമെന്നും സർക്കാർ വളരെ വിശദമായ നിയമ പരിശോധനകൾ നടത്തിയതിനുശേഷമാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും ധനകാര്യ വകുപ്പുമന്ത്രിയും വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

സഭ സമ്മേളിക്കാൻ നോട്ടീസ് നൽകുകയോ തീയതി തീരുമാനിക്കുകയോ ചെയ്തശേഷം

---

[+].

ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് അനുചിതമാണ്. എന്നാൽ അത്യാവശ്യഘട്ടത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിൽ അപാകതയില്ലെന്ന് മുമ്പും റൂൾ ചെയ്തിട്ടുണ്ട്. ഒഴിവാക്കാൻ പാടില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി ഉപയോഗിക്കാവുന്ന ഒരു അസാധാരണ ആയുധമാണ് ഓർഡിനൻസ് എന്ന് സുപ്രീംകോടതിയും ചൂണ്ടിക്കാണിച്ചിട്ടുള്ളതിനാൽ മതിയായ സാഹചര്യങ്ങളിലല്ലാതെ അവ പുറപ്പെടുവിക്കാനോ റീപ്രൊമുൽഗേറ്റ് ചെയ്യാനോ പാടില്ലെന്നും റീപ്രൊമുൽഗേഷൻ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ പാടുള്ളൂ എന്നും ഓർഡിനൻസുകൾ മുഖേന നിയമനിർമ്മാണം യാഥാർഥ്യമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നും റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. പരാമർശവിധേയമായ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും വിശദീകരിക്കുകയുണ്ടായി. ഇതിൽനിന്നും ഈ ഓർഡിനൻസ് പുറപ്പെടുവിച്ച നടപടിയിൽ ഭരണഘടനാ വിരുദ്ധമായോ നടപടി ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്ന് കാണാവുന്നതാണ്. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്ന പ്രസ്താവന, ഓർഡിനൻസിനുപകരമുള്ള ബില്ലിനോടൊപ്പം സഭ മുമ്പാകെ വയ്ക്കണമെന്നുള്ളത് ചട്ടം 75(1)-ൽ ചേർത്തിരിക്കുന്ന ഒരു വ്യവസ്ഥ മാത്രമാണ്. അത് ബില്ലിന്റെ ചർച്ചാവേളയിൽ അംഗങ്ങൾക്ക് സഹായകരമായ ഒരു ഔദ്യോഗിക വിശദീകരണം എന്ന നിലയിൽ നൽകേണ്ട ഒരു രേഖ എന്ന രീതിയിലാണ് പരിഗണിക്കപ്പെട്ടുവരുന്നത്. ഈ നടപടിക്രമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല. ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം നടക്കുന്ന ഈ സഭാ സമ്മേളനം നിയമ നിർമ്മാണത്തിനായുള്ള സമ്മേളനമായിട്ടുകൂടി 2024-ലെ 2-ാം നമ്പർ ഓർഡിനൻസിനുപകരമായി നിയമം

നിർമ്മിക്കാനുള്ള ബിൽ കഴിഞ്ഞ ദിവസം മാത്രമാണ് വിജ്ഞാപനം ചെയ്ത് കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കാനായത്. ഒക്ടോബർ 4-ാം തീയതി ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിൽ ഇതിനായുള്ള ബിൽ ഷെഡ്യൂൾ ചെയ്യാൻ കഴിയാതിരുന്നത് അതുമൂലമാണ്. ഫലത്തിൽ ഈ നിയമനിർമ്മാണ സമ്മേളനത്തിൽ പ്രസ്തുത ബിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സമ്മേളനം ആരംഭിച്ചതുമുതൽ 42 ദിവസം കഴിയുമ്പോൾ ഓർഡിനൻസ് ലാപ്സാവുകയും ആയത് വീണ്ടും പുനഃപ്രസിദ്ധീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നു.

സംസ്ഥാനത്ത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്ന പ്രവണത മുൻ വർഷങ്ങളിൽ കൂടുതലായി നിലനിന്നിരുന്നെങ്കിലും സമീപകാലത്ത് അതിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നുള്ളത് ഗുണപരമായ ഒരു മാറ്റമായി കാണാവുന്നതാണ്. ഭാവിയിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടുകഴിഞ്ഞാൽ തൊട്ടടുത്ത ചേരുന്ന സഭാ സമ്മേളനത്തിൽത്തന്നെ പകരം നിയമം പാസ്സാക്കാനായി ബന്ധപ്പെട്ട മന്ത്രിയും ഭരണവകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും ഒരു ഓർഡിനൻസ് തന്നെ ആവർത്തിച്ച് പുറപ്പെടുവിക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്തു.